**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

*നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *155* — *03.05.2017 ലെ മറുപടിക്ക്.*

## തൊഴിൽ ചൂഷണവും റിക്രൂട്ട്മെന്റ് തട്ടിപ്പും തടയാൻ നോർക്കയുടെ ഇടപെടലുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആന്റണി ജോൺ<br>ശ്രീ. കെ. ദാസൻ<br>ശ്രീ. എം. നൗഷാദ്<br>ശ്രീ. പി.ടി.എ. റഹീം | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ഗൾഫ് മേഖലയിലെ സാമ്പത്തിക മാന്ദ്യവും സ്വദേശീവത്ക്കരണവും കാരണം അവിദഗ്ദ്ധ തൊഴിലാളികളുടെ തൊഴിൽ സാധ്യത കുറഞ്ഞുവരുന്നത് തൊഴിൽ ചൂഷണത്തിനും റിക്രൂട്ട്മെന്റ് തട്ടിപ്പിനും കാരണമാകുന്നത് ഒഴിവാക്കാനായി നോർക്ക ഏതു തരത്തിൽ ഇടപെടുമെന്ന് അറിയിക്കാമോ; | (എ) തൊഴിൽ ചൂഷണത്തിനും റിക്രൂട്ട്മെന്റ് തട്ടിപ്പുകൾ ഒഴിവാക്കുന്നതിനുമായി ദൃശ്യ ശ്രവ്യ മാധ്യമങ്ങളിലൂടെ ബോധവൽക്കരണ പരിപാടികൾ നോർക്ക നടത്തിവരുന്നു. കൂടാതെ കേരളത്തിലെ വിവിധ കേന്ദ്രങ്ങളിൽ പ്രവാസികൾക്കായി പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിക്കുന്നുണ്ട്. റിക്രൂട്ട്മെന്റ് തട്ടിപ്പുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികൾ സർക്കാർ പ്രത്യേക ശ്രദ്ധ ചെലുത്തി ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവി മുഖേന അന്വേഷണം നടത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ഇന്ത്യാ ഗവൺമെന്റിന്റെ വിദേശകാര്യ വകുപ്പ് മുഖേന അതാത് രാജ്യത്തെ എംബസ്സികളുമായി ബന്ധപ്പെട്ടും ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. റിക്രൂട്ട്മെന്റ് രംഗത്തെ തട്ടിപ്പ് തടയുന്നതിനായി 2015 ലെ കേന്ദ്രസർക്കാരിന്റെ ഉത്തരവ് പ്രകാരം നഴ്സുമാരെ തെരഞ്ഞെടുത്ത് വിദേശ രാജ്യങ്ങളിലേയ്ക്ക് അയയ്ക്കുന്നതിനും 2016 ലെ കേന്ദ്രസർക്കാർ ഉത്തരവ് പ്രകാരം വീട്ടു ജോലിക്കായി പോകുന്ന സ്ത്രീകളുടെ റിക്രൂട്ട്മെന്റിനും തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള സ്ഥാപനമായ നോർക്ക റൂട്ട്സ് ആവശ്യമായ നടപടികൾ സ്വീകരിച്ച് സുതാര്യവും സുരക്ഷിതവുമായ രീതിയിൽ റിക്രൂട്ട്മെന്റ് നടത്തിവരുന്നു. |

| | |
|---|---|
| (ബി) നോർക്ക റൂട്ട്സ് വഴിയുള്ള റിക്രൂട്ട്മെന്റ് എത്രമാത്രം കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന് അറിയിക്കാമോ ; | (ബി) നോർക്ക റൂട്ട്സ് പ്രധാനമായും മധ്യ കിഴക്കൻ രാജ്യങ്ങളിലേയ്ക്ക് ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിലേയ്ക്കാണ് റിക്രൂട്ട്മെന്റ് നടത്തിവരുന്നത്. 610 നഴ്സുമാർക്ക് ഇതിനകം പ്രസ്തുത രാജ്യങ്ങളിൽ നിയമനം നൽകിയിട്ടുണ്ട്. ഇതു കൂടാതെ 2016 ആഗസ്റ്റ് മുതൽ വിദേശകാര്യ വകുപ്പിന്റെ ഉത്തരവ് പ്രകാരം 18 ഇ. സി. ആർ രാജ്യങ്ങളിലേയ്ക്ക് വീട്ട് ജോലിക്കാരുടെ നിയമനവും നടത്തി വരുന്നുണ്ട്. സൗദി അറേബ്യയിലെ മിനിസ്ട്രി ഓഫ് ഹെൽത്ത് ഇന്ത്യയിലെ റിക്രൂട്ട്മെന്റ് ഏജൻസിയായി നോർക്ക റൂട്ട്സിനെ സെലക്ട് ചെയ്തുകൊണ്ട് അറിയിച്ചിട്ടുണ്ട്. ഉടൻ എഗ്രിമെന്റിൽ ഏർപ്പെടുന്നതാണ്. നോർക്ക റൂട്ട്സ് തയ്യാറാക്കിയിട്ടുള്ള ജോബ് പോർട്ടൽ തൊഴിൽ അന്വേഷകർക്കും വിദേശ തൊഴിൽ ഉടമകൾക്കും ഒരു പോലെ പ്രയോജന പ്രദമാണ്. തൊഴിൽ അന്വേഷകരും തൊഴിൽദാതാക്കളും തമ്മിലുള്ള പരസ്പര ബന്ധത്തിലൂടെ സുരക്ഷിതമായ റിക്രൂട്ട്മെന്റിനുള്ള അവസരങ്ങൾ ലഭ്യമാകുന്നു. കൂടാതെ റിക്രൂട്ടിംഗ് പ്രക്രിയ തൊഴിൽ അന്വേഷകരുടെ പരിശീലനവും നൈപുണ്യ വികാസവുമായി ബന്ധപ്പെട്ടതാകയാൽ പൊതു സ്വകാര്യ പങ്കാളിത്തത്തോടുകൂടി തൊഴിൽ അന്വേഷകർക്ക് പരിശീലന പരിപാടികളും നൽകി വരുന്നു. ഇതിന്റെ ഭാഗമായി തൊഴിൽ മേളകളും സംഘടിപ്പിച്ചു വരുന്നു. |
| (സി) അവിദഗ്ധ തൊഴിലാളികളുടെ റിക്രൂട്ട്മെന്റിനും റിക്രൂട്ട്മെന്റ് ഏജൻസികളുടെ ചൂഷണം തടയുന്നതിനും തൊഴിലന്വേഷകർക്കുള്ള വൈദഗ്ധ്യ വികസനത്തിനും നോർക്ക നടത്തുന്ന ഇടപെടലുകൾ വിശദമാക്കാമോ? | (സി) നിലവിൽ അവിദഗ്ധ തൊഴിലാളികളായി വീട്ട് ജോലിക്ക് പോകുന്നവരുടെ (ഹൗസ് മെയിഡ്) റിക്രൂട്ട്മെന്റ് നോർക്ക നടത്തിവരുന്നു. തൊഴിൽ ചൂഷണത്തിനും റിക്രൂട്ട്മെന്റ് ഏജൻസികളുടെ തട്ടിപ്പുകൾ ഒഴിവാക്കുന്നതിനുമായി ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിലൂടെയും നവമാധ്യമങ്ങളിലൂടെയും ബോധവൽക്കരണ പരിപാടികൾ നോർക്ക നടത്തി വരുന്നു. കൂടാതെ വിദേശ തൊഴിൽ അന്വേഷകർക്കായി വിദേശതൊഴിൽ |

അവസരങ്ങൾ, പൊതുനിയമ വ്യവസ്ഥകൾ, വിദേശ സംസ്കാരം, ജീവിത രീതികൾ, തൊഴിൽ നിയമങ്ങൾ, വിസ സ്റ്റാമ്പിംഗ്, ഇമിഗ്രേഷൻ, കസ്റ്റംസ് ക്ലിയറൻസ്, സാമ്പത്തിക സാക്ഷരത എന്നിവ ഉൾപ്പെടുത്തികൊണ്ടുള്ള പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പരിശീലനം നൽകിവരുന്നു. വിദേശ തൊഴിൽ കമ്പോളത്തിലെ വെല്ലുവിളികൾ നേരിടുന്നതിനായി സാങ്കേതിക വിദ്യ, സോഫ്റ്റ് സ്കിൽ എന്നിവയിൽ അംഗീകൃത ട്രെയിനിംഗ് സെന്ററുകൾ മുഖേന പരിശീലനവും നൽകി വരുന്നു.

സെക്ഷൻ ഓഫീസർ.